**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **24-06-2024 - ൽ മറുപടിയ്ക്ക്**

**കോടതി ഫീസുകളിൽ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചത്; | (എ) | 1984-ലെ കുടുംബകോടതി ആക്ടിന്റെ (1984-ലെ 66-ാം കേന്ദ്ര ആക്ട്) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് വിശദീകരണം (സി) പ്രകാരം കുടുംബകോടതി മുമ്പാകെ സമർപ്പിക്കുന്ന ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദത്തിൽ തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക ഒരു ലക്ഷം രൂപ വരെ ഇരുന്നൂറ് രൂപയും ഒരുലക്ഷം കവിഞ്ഞതും അഞ്ച് ലക്ഷം രൂപ വരെ അവകാശവാദ തുകയുടെ അരശതമാനവും അഞ്ചുലക്ഷം രൂപയ്ക്കുമേൽ ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവകാശവാദതുകയുടെ ഒരു ശതമാനവും ആയി ഫീസ് വർദ്ധിപ്പിച്ചു. മേൽപ്പറഞ്ഞ ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദത്തിലെ ഉത്തരവിന് എതിരായി 1984-ലെ കുടുംബകോടതി ആക്ടിന്റെ 19-ാം വകുപ്പ് പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൽ തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക ഒരു ലക്ഷം രൂപ വരെ ഇരുന്നൂറ് രൂപയും ഒരു ലക്ഷം കവിഞ്ഞതും അഞ്ച് ലക്ഷം രൂപ വരെയും അവകാശവാദ തുകയുടെ അരശതമാനവും അഞ്ചുലക്ഷം രൂപയ്ക്കുമേൽ ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്നതിന് വിധേയമായി അവകാശവാദതുകയുടെ ഒരു ശതമാനവും ഫീസ് വർദ്ധിപ്പിച്ചു. തർക്കവിഷയത്തിന്റെ മൂല്യം കണക്കാക്കുമ്പോൾ വാസഗൃഹത്തിന്റെ മൂല്യം ഒഴിവാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്) 138-ാം വകുപ്പിൻ കീഴിലുള്ള പരാതിയോ കുറ്റാരോപണമോ ഉൾപ്പെടുന്ന അപേക്ഷ അല്ലെങ്കിൽ ഹർജിയിൽ പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ കവിയാത്തപക്ഷം ഇരുന്നൂറ്റിയൻപത് രൂപയും പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ കവിയുന്ന പക്ഷം ഏറ്റവും കൂടിയത് മൂന്ന് ലക്ഷം രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി മുഴുവൻ ചെക്ക് തുകയുടെ അഞ്ച് ശതമാനവും കോടതി ഫീസ് വർദ്ധിപ്പിച്ചു.<br><br>ഈ ആക്റ്റിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യുന്ന സംഗതികളിൽ കുറ്റാരോപിതൻ സെഷൻസ് കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിന് ആയിരം രൂപയും പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിൽ, വിചാരണ കോടതിയിൽ ഒടുക്കിയ കോടതി ഫീസിന്റെ പകുതിക്കു തുല്യമായ തുകയും ഫീസായി വർദ്ധിപ്പിച്ചു.<br><br>അതുപോലെ ഹൈക്കോടതി മുമ്പാകെ ശിക്ഷാവിധിയുടെ അപര്യാപ്തത ചോദ്യം ചെയ്തുകൊണ്ട് പരാതിക്കാരൻ ഫയൽ ചെയ്യുന്ന റിവിഷൻ ഹർജിയിൽ ചെക്ക് തുകയുടെ പത്തിൽ ഒന്നും കുറ്റസ്ഥാപനത്തിനെതിരെ കുറ്റാരോപിതൻ ഫയൽ ചെയ്യുന്ന റിവിഷൻ ഹർജിയിൽ ആയിരത്തി അഞ്ഞൂറ് രൂപയും കോടതി ഫീസായി വർദ്ധിപ്പിച്ചു. ധനകാര്യ ബില്ലിൽ ഉൾപ്പെട്ട ഈ വ്യവസ്ഥകൾക്ക് 1985-ലെ കേരള താല്ക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് പ്രകാരം 2024 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | ഓരോ ഇനത്തിലും വന്നിട്ടുള്ള വർദ്ധനവുകളും വർദ്ധനവിന് മുൻപ് ഉണ്ടായിരുന്ന നിരക്കുകളും എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | 1984-ലെ കുടുംബ കോടതി ആക്റ്റിന്റെ കീഴിൽ സംസ്ഥാനത്തെ കുടുബകോടതികളിൽ വകുപ്പ് 7(1) വിശദീകരണം (സി) പ്രകാരമുള്ള വസ്തുസംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിന് 50 രൂപയാണ് ഫീസ് ചുമത്തിയിരുന്നത്. ധനകാര്യ ബില്ലിൽ വന്നിട്ടുള്ള ഈ ആക്റ്റിന്റെ ഭേദഗതി പ്രകാരം |

1984-ലെ കുടുംബകോടതി ആക്റ്റിന്റെ (1984-ലെ 66–ാം കേന്ദ്ര ആക്റ്റ്) 7–ാം വകുപ്പ് (1)–ാം ഉപവകുപ്പ് വിശദീകരണം (സി) പ്രകാരം കുടുംബകോടതി മുമ്പാകെ സമർപ്പിക്കുന്ന ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദത്തിൽ തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക ഒരു ലക്ഷം രൂപ വരെ ഇരുന്നൂറ് രൂപയും ഒരുലക്ഷം കവിഞ്ഞതും അഞ്ച് ലക്ഷം രൂപ വരെ അവകാശവാദ തുകയുടെ അരശതമാനവും അഞ്ചുലക്ഷം രൂപയ്ക്കുമേൽ ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവകാശവാദതുകയുടെ ഒരു ശതമാനവും കോടതി ഫീസ് വർദ്ധിപ്പിച്ചു.

മേൽപ്പറഞ്ഞ ഹർജി അല്ലെങ്കിൽ പ്രത്യവകാശവാദത്തിലെ ഉത്തരവിന് എതിരായി 1984-ലെ കുടുംബകോടതി ആക്റ്റിന്റെ (1984-ലെ 66–ാം കേന്ദ്ര ആക്റ്റ്) 19–ാം വകുപ്പ് പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൽ തർക്കത്തിലുള്ള വിഷയത്തിന്റെ മൂല്യം അല്ലെങ്കിൽ തുക ഒരു ലക്ഷം രൂപ വരെ ഇരുന്നൂറ് രൂപയും ഒരുലക്ഷം രൂപ കവിഞ്ഞതും അഞ്ചു ലക്ഷം രൂപ വരെയും അവകാശവാദ തുകയുടെ അരശതമാനവും അഞ്ചുലക്ഷം രൂപയ്ക്കുമേൽ ഏറ്റവും കൂടിയത് രണ്ട് ലക്ഷം രൂപ എന്നതിന് വിധേയമായി അവകാശവാദ തുകയുടെ ഒരു ശതമാനവും, കോടതി ഫീസ് വർദ്ധിപ്പിച്ചു. തർക്കവിഷയത്തിന്റെ മൂല്യം കണക്കാക്കുമ്പോൾ വാസഗൃഹത്തിന്റെ മൂല്യം ഒഴിവാക്കുന്നതാണ്.

1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ് 138–ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്യുന്ന കേസുകളിൽ 10 രൂപയാണ് കോടതി ഫീസ് ഈടാക്കിയിരുന്നത്. ധനകാര്യ ബില്ലിൽ വന്നിട്ടുള്ള ഈ ആക്റ്റിന്റെ ഭേദഗതി പ്രകാരം 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (1881-ലെ 26–ാം കേന്ദ്ര ആക്റ്റ്) 138–ാം വകുപ്പിൻ കീഴിലുള്ള പരാതിയോ കുറ്റാരോപണമോ ഉൾപ്പെടുന്ന അപേക്ഷ അല്ലെങ്കിൽ ഹർജിയിൽ പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ

| | | | |
|---|---|---|---|
| | | | കവിയാത്ത പക്ഷം ഇരുന്നൂറ്റിയൻപത് രൂപയും പരാതിയിൽ ഉൾപ്പെട്ട അനാദരിക്കപ്പെട്ട ചെക്കിന്റെ തുക പതിനായിരം രൂപ കവിയുന്ന പക്ഷം ഏറ്റവും കൂടിയത് മൂന്ന് ലക്ഷം രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി മുഴുവൻ ചെക്ക് തുകയുടെ അഞ്ച് ശതമാനവും കോടതി ഫീസ് വർദ്ധിപ്പിച്ചു. ഈ ആക്റ്റിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യുന്ന സംഗതികളിൽ കുറ്റാരോപിതൻ സെഷൻസ് കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിന് ആയിരം രൂപയും പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിൽ, വിചാരണ കോടതിയിൽ ഒടുക്കിയ കോടതി ഫീസിന്റെ പകുതിക്കു തുല്യമായ തുകയും ഫീസായി വർദ്ധിപ്പിച്ചു.<br><br>അതുപോലെ ഹൈക്കോടതി മുമ്പാകെ ശിക്ഷാവിധിയുടെ അപര്യാപ്തത ചോദ്യം ചെയ്തുകൊണ്ട് പരാതിക്കാരൻ ഫയൽ ചെയ്യുന്ന റിവിഷൻ ഹർജിയിൽ ചെക്ക് തുകയുടെ പത്തിൽ ഒന്നും കുറ്റസ്ഥാപനത്തിനെതിരെ കുറ്റാരോപിതൻ ഫയൽ ചെയ്യുന്ന റിവിഷൻ ഹർജിയിൽ ആയിരത്തി അഞ്ഞൂറ് രൂപയും കോടതി ഫീസായി വർദ്ധിപ്പിച്ചു. |
| (സി) | ബഡ്ജറ്റ് മുഖേന അല്ലാതെ ഈ വർഷം ഏതെങ്കിലും ഫീസുകളിലോ സ്റ്റാമ്പ് ഡ്യൂട്ടികളിലോ മറ്റിനങ്ങളിലോ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (സി) | ബഡ്ജറ്റ് മുഖേന അല്ലാതെ ഈ വർഷം ഫീസുകളിലോ സ്റ്റാമ്പ് ഡ്യൂട്ടികളിലോ മറ്റിനങ്ങളിലോ വർദ്ധനവ് ഉണ്ടായിട്ടില്ല |
| (ഡി) | എങ്കിൽ വർദ്ധന ഉണ്ടായ ഇനങ്ങളുടെയും വർദ്ധനവിന്റെയും വർദ്ധനവിനു മുൻപ് ഉണ്ടായിരുന്ന നിരക്കുകളുടെയും വിശദാംശങ്ങൾ ലഭ്യമാകുമോ; | (ഡി) | ബാധകമല്ല |
| (ഇ) | നീതി ന്യായ വ്യവസ്ഥയെ കൂടുതൽ ഭയപ്പാടോടെ സമീപിക്കേണ്ട അവസ്ഥയിലേക്ക് ഈ ഫീസ് വർദ്ധനവ് എത്തിക്കാൻ ഇടയാക്കും എന്ന അഭിപ്രായ0 പരിശോധിക്കുകയുണ്ടായോ; | (ഇ) | ഭയപ്പാടോടെ സമീപിക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ഫീസ് വർദ്ധനകൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകൾ നീതി തേടി മുന്നോട്ടു വരുന്നതിന് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ; | (എഫ്) | 10/01/2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 46/2024/നിയമം, 16/01/2024-ലെ 63/2024/നിയമം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ കോടതി ഫീസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ. വി.കെ. മോഹനൻ അദ്ധ്യക്ഷനായ വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് ധനകാര്യ ബില്ലിൽ വർദ്ധനവ് ഉൾപ്പെടുത്തിയത്. സമിതി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ജി) | എങ്കിൽ കോടതി ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ? | (ജി) | 10/01/2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 46/2024/നിയമം, 16/01/2024-ലെ 63/2024/നിയമം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ കോടതി ഫീസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ. വി.കെ. മോഹനൻ അദ്ധ്യക്ഷനായ വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ധനകാര്യ ബില്ലിൽ വർദ്ധനവ് ഉൾപ്പെടുത്തിയത്. സമിതി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ